പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4988

24.07.2015 -ലെ മറുപടിയ്ക്ക്

**കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിക്ഷേപം തിരികെ നൽകാതിരിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ; | (എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെയുള്ള ബോർഡുകൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് പെൻഷൻ നൽകുന്നത്. അടുത്ത പത്തുവർഷം കൊണ്ട് പെൻഷൻകാരുടെ എണ്ണം ഇരട്ടിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ടി ബോർഡിൽ നിന്നും റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കാനാവില്ല. ആയതിനാൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് അടച്ച തുക തിരികെ നൽകാൻ സാധിക്കില്ല. |
| (ബി) മറ്റ് ക്ഷേമനിധികളിൽ നിലവിലുള്ളത് പോലെ ക്ഷേമനിധി നിക്ഷേപം തിരികെ നൽകുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശകളിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളിൽ സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് പെൻഷൻ നൽകുന്നത്. കൂടാതെ അടുത്ത പത്തുവർഷം കൊണ്ട് പെൻഷൻകാരുടെ എണ്ണം ഇരട്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ ബോർഡിൽനിന്നും റിട്ടയർമെന്റ് ആനുകൂല്യം കൂടി നൽകുന്ന കാര്യം പരിഗണിക്കാനാവില്ല. |
| (സി) പ്രസ്തുത ക്ഷേമനിധി ഫണ്ടിൽ നിന്നും റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിക്ഷേപം തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

Sreedev

സെക്ഷൻ ഓഫീസർ